# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6868      10.07.2014 ൽ മറുപടിയ്ക്ക്

## നെയ്യാർ ഡാമിലെ ടൂറിസം വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി. | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളത്തിൻെറ ടൂറിസം ഭൂപടത്തിൽ പ്രമുഖ സ്ഥാനം ലഭിക്കേണ്ട നെയ്യാർ ഡാമിലെ ടൂറിസം വികസനപദ്ധതികൾ നടപ്പിലാക്കുന്നതിൻെറ പുരോഗതിയെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | നെയ്യാർ ഡാം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയ്ക്കായി 21.11.2007-ലെ സർക്കാർ ഉത്തരവ് (സാധാ) നം11499/07/ടി.എസ്.എം. പ്രകാരം 302.53 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ജലസേചനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി 2,39,66,402/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർ ഡാമിലെ പൂന്തോട്ടത്തിൻെറ പരിപാലനത്തിനും ശുചീകരണപ്രവർത്തനങ്ങൾക്കുമായി "2700-11-101-98-82 garden maintenance" എന്ന ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൂന്തോട്ടത്തിൻെറ പരിപാലനവും ശുചീകരണപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. സന്ദർശകരെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു. |
| (ബി) "മിഷൻ 676" എന്ന പദ്ധതിയിൽ നെയ്യാർ ഡാമിൻെറ വികസനകാര്യങ്ങൾ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൻെറ കാരണം വ്യക്തമാക്കാമോ; | (ബി) | ഇല്ല. "മിഷൻ 676"-ൽ "എല്ലാവർക്കും കുടിവെള്ളം" എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | |
|---|---|---|
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച നെയ്യാർ ഡാം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി (ടൂറിസം ഡെസ്റ്റിനേഷൻ പ്രോജക്റ്റ്) - യുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പദ്ധതി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പൂന്തോട്ട നവീകരണവും നടപ്പാത നിർമ്മാണവും പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ